# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1848 15.07.2016-ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം | ശ്രീ.എ,കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്തെ പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലെ ജനങ്ങളുടെ ചികിത്സക്കായി എന്തൊക്കെ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ; | (എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികജാതി വിഭാഗക്കാരുടെ ചികിത്സക്കായി ബഹു. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധിയിൽ നിന്നും 09.01.1998 ലെ സ.ഉ (കൈ) നം. 1/98/പജപവവിവ പ്രകാരം 1998 മുതൽ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. 20/09/2012 സ.ഉ (കൈ) നം. 128/12/ പജപവവിവ പ്രകാരം ടി ധനസഹായത്തിന്റെ വരുമാന പരിധിയും ധനസഹായ തുകയും 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി 1,00,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിൽ ഇരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവു സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു. മറ്റ് രോഗങ്ങളുടെ |

ചികിത്സക്കായി ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ വരെ അപേക്ഷകന് നൽകുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതി, ജനനി ജന്മരക്ഷാ പദ്ധതി എന്നീ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തിലെ ഒ.ബി.സി വിഭാഗങ്ങൾക്കായി പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേന ചികിത്സാ പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കുന്നില്ല.

ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഏതൊക്കെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ നിയന്ത്രണത്തിലാണെന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണെന്നും വിശദമാക്കാമോ ?

(ബി) അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. 10,000/-രൂപ വരെ വകുപ്പ് ഡയറക്ടർക്കനുവദിക്കാം. 10,000/-ത്തിന് മുകളിലുള്ള തുക സർക്കാരാണ് അനുവദിക്കുന്നത്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 50,000/-രൂപയാണ്. അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അപേക്ഷ പട്ടിക വർഗ വികസന വകുപ്പിന്റെ ഐ.റ്റി.ഡി, പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന അപേക്ഷ നൽകേണ്ടതാണ്. ജനനീ ജന്മരക്ഷാ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകൾക്കും ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ 18 മാസം

പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഐ.റ്റി.ഡി പ്രോജക്ട് ഓഫീസ്/ ട്രൈബൽ ഡെവലപ്മെന്റ് ആഫീസ് എന്നിവ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. നിശ്ചിത അപേക്ഷ ബന്ധപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് സാക്ഷ്യപ്പെടുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസ്/ ട്രൈബൽ ഡെവലപ്മെന്റ് ആഫീസ് എന്നിവ മുഖേനയാണ് പ്രതിമാസാനുകൂല്യം വിതരണം ചെയ്തു വരുന്നത്

Reshmi KS

**സെക്ഷൻ ഓഫീസർ**